# ALL INDIA RADIO, THIRUVANANTHAPURAM

## ആകാശവാണി, തിരുവനന്തപുരം

## NATIONAL BULLETIN

**DATE : 08.07.2026** | **പ്രധാന വാർത്തകൾ** | **TIME : 07.25 AM**

1. ഭീകരവാദത്തിനെതിരെ ശക്തമായ നടപടിക്ക് ആഹ്വാനം ചെയ്ത് ഇന്ത്യയും ഇന്തോനേഷ്യയും. രാജ്യം വികസനത്തിന്റെ പാതയാണ് പിന്തുടരുന്നതെന്ന് ഇന്തോനേഷ്യൻ പാർലമെന്റിൽ പ്രധാനമന്ത്രി നരേന്ദ്ര മോദി.

   **India and Indonesia call for strong action against terrorism; Prime Minister Narendra Modi tells the Indonesian Parliament that India follows the path of development.**

2. ഉഭയകക്ഷി പങ്കാളിത്തം ശക്തിപ്പെടുത്തുന്നത് ലക്ഷ്യമിട്ട് വിദേശ കാര്യ മന്ത്രി എസ് ജയശങ്കർ ബഹ്റൈൻ രാജാവ് ഹമദ് ബിൻ ഇസ അൽ ഖലീഫയുമായി കൂടിക്കാഴ്ച നടത്തി.

   **External Affairs Minister S. Jaishankar meets Bahrain's King Hamad bin Isa Al Khalifa to strengthen bilateral partnership.**

3. ബ്രിക്സ് വനിതാ മന്ത്രിതല യോഗത്തിന് ഇന്ന് കൊച്ചിയിൽ തുടക്കം. കേന്ദ്ര വനിതാ ശിശുവികസന മന്ത്രി അന്ന പൂർണ ദേവി പങ്കെടുക്കും.

   **BRICS Women's Ministerial Meeting begins in Kochi today; Union Minister for Women and Child Development Annapurna Devi to participate.**

4. വയനാട് മണ്ണിടിച്ചിലുണ്ടായ കള്ളാടി പ്രദേശത്ത് തിരച്ചിൽ തുടരുന്നു. മുഖ്യമന്ത്രി വി ഡി സതീശൻ ഇന്ന് ദുരന്ത മേഖല സന്ദർശിക്കും.

   **Search operations continue in the landslide-hit Kalladi area of Wayanad; Chief Minister V. D. Satheesan to visit the disaster zone today.**

5. കേരളത്തിൽ ശക്തമായ മഴ തുടരും. 11 ജില്ലകളിൽ ഇന്ന് മഞ്ഞ ജാഗ്രത. കേരളം - കർണാടക - ലക്ഷദ്വീപ് തീരങ്ങളിൽ ഇന്നും നാളെയും മത്സ്യബന്ധനത്തിന് വിലക്ക്.

**Heavy rain to continue in Kerala; Yellow alert issued for 11 districts. Fishing banned today and tomorrow along the Kerala, Karnataka and Lakshadweep coasts.**

6. ഫിഫ ലോകകപ്പിൽ അർജന്റീനയും സ്വിറ്റ്സർലാൻഡും ക്വാർട്ടർ ഫൈനലിൽ.

**Argentina and Switzerland advance to the quarter-finals of the FIFA World Cup.**

**&&&&&&&&&&&&&&&&&&&&&&**

## INDIA-INDONESIA JOINT STATEMENT

ഭീകരവാദത്തിനെതിരെ ശക്തമായ നടപടിക്ക് ആഹ്വാനം ചെയ്ത് ഇന്ത്യയും ഇന്തോനേഷ്യയും. ജക്കാർത്തയിൽ പ്രധാനമന്ത്രി നരേന്ദ്ര മോദി ഇന്തോനേഷ്യൻ പ്രസിഡന്റുമായി നടത്തിയ ഉഭയകക്ഷി ചർച്ചയ്ക്ക് പിന്നാലെ പുറപ്പെടുവിച്ച സംയുക്ത പ്രസ്താവനയിലാണ് ഇരു രാജ്യങ്ങളും നിലപാട് വ്യക്തമാക്കിയത്. യുഎൻ രക്ഷാസമിതിയുടെ ഉപരോധ സമിതി നിരോധിച്ചവ ഉൾപ്പെടെയുള്ള ആഗോള ഭീകര സംഘടനകൾക്കെതിരെ കർശന നടപടി വേണമെന്ന് ഇരു നേതാക്കളും ആവശ്യപ്പെട്ടു. സൈബർ സുരക്ഷ, പ്രതിരോധ വ്യവസായം, സമുദ്ര സുരക്ഷ, ബഹിരാകാശം എന്നിവയിലെ സഹകരണം വിപുലീകരിക്കുന്നതിനായി മൂന്നാമത് ഇന്ത്യ-ഇന്തോനേഷ്യ സുരക്ഷാ സംഭാഷണം ഉടൻ സംഘടിപ്പിക്കാനും ധാരണയായി. ഇന്ത്യയുടെ 'വികസിത് ഭാരത് 2047' ദർശനവും ഇന്തോനേഷ്യയുടെ 'ഇന്തോനേഷ്യ ഏമാസ് 2045' അജണ്ടയും മുൻനിർത്തി സാമ്പത്തിക ബന്ധം ശക്തമാക്കാനും, ആസിയാൻ-ഇന്ത്യ ചരക്ക് വ്യാപാര കരാർ സമയബന്ധിതമായി പുതുക്കാനും തിരുമാനിച്ചതായി പ്രസ്താവനയിൽ പറയുന്നു.

********************************

## PM - INDONESIA (INTRO)

ഇന്തോ-പസഫിക് മേഖലയിലെ സഞ്ചാര സ്വാതന്ത്ര്യം ഉറപ്പാക്കാനായാണ് ഇന്ത്യ നിലകൊള്ളുന്നതെന്ന് പ്രധാനമന്ത്രി നരേന്ദ്ര മോദി. അതിർത്തി വിപുലീകരണം ഇന്ത്യയുടെ നയമല്ലെന്നും രാജ്യം വികസനത്തിന്റെ പാതയാണ് പിന്തുടരുന്നതെന്നും അദ്ദേഹം പറഞ്ഞു. ഇന്തോനേഷ്യൻ പാർലമെന്റിനെ അഭിസംബോധന ചെയ്യുകയായിരുന്നു അദ്ദേഹം. ഇന്ത്യ-ഇന്തോനേഷ്യ തന്ത്രപരമായ പങ്കാളിത്തം കൂടുതൽ ശക്തമാക്കുന്നതിലൂടെ ആഗോള സമാധാനത്തിനും സ്ഥിരതയ്ക്കും സംഭാവന നൽകാനാകുമെന്ന് പ്രധാനമന്ത്രി പറഞ്ഞു.

(വോയിസ്.....)

ത്രിരാഷ്ട്ര സന്ദർശനത്തിന്റെ ആദ്യ ഘട്ടത്തിൽ ഇന്തോനേഷ്യയിൽ എത്തിയ പ്രധാനമന്ത്രി പ്രസിഡന്റ് പ്രബോവോ സുബിയാന്റോയുമായി കൂടിക്കാഴ്ച നടത്തി. ജക്കാർത്തയിൽ ഇന്ത്യൻ സമൂഹത്തെയും അദ്ദേഹം അഭിസംബോധന ചെയ്തു. ഇന്തോനേഷ്യയുടെ പരമോന്നത സിവിലിയൻ ബഹുമതിയായ ബിന്താങ് ആദിപൂർണ പ്രധാനമന്ത്രിക്ക് സമ്മാനിച്ചു.

********************************

## PM-AUSTRALIA VISIT

ത്രിരാഷ്ട്ര പര്യടനത്തിന്റെ രണ്ടാം ഘട്ടത്തിൽ, പ്രധാനമന്ത്രി ഇന്ന് മെൽബണിൽ എത്തും. ഓസ്ട്രേലിയൻ പ്രധാനമന്ത്രി ആന്റണി അൽബനീസിനൊപ്പം മൂന്നാമത് ഇന്ത്യ-ഓസ്ട്രേലിയ വാർഷിക ഉച്ചകോടിയിൽ അദ്ദേഹം പങ്കെടുക്കും. ഇന്ത്യ-ഓസ്ട്രേലിയ സിഇഒ ഫോറത്തിലും

പങ്കെടുക്കുന്ന ശ്രീ മോദി ഇന്ത്യൻ പ്രവാസികളെ അഭിസംബോധന ചെയ്യും.

********************************

## JAISHANKAR BAHRAIN VISIT

വിദേശ കാര്യ മന്ത്രി എസ് ജയ്ശങ്കറിന്റെ പതിനൊന്ന് ദിവസത്തെ ഖത്തർ, ബഹ്റൈൻ, കുവൈറ്റ്, ഒമാൻ, ന്യൂയോർക്ക്, ബ്രസ്സൽസ് സന്ദർശനം തുടരുന്നു. ബഹ്റൈൻ രാജാവ് ഹമദ് ബിൻ ഇസ അൽ ഖലീഫയുമായി വിദേശകാര്യമന്ത്രി കൂടിക്കാഴ്ച നടത്തി. കിരീടാവകാശിയും പ്രധാനമന്ത്രിയുമായ പ്രിൻസ് സൽമാൻ ബിൻ ഹമദ് അൽ ഖലീഫയുടെ സാന്നിധ്യത്തിലായിരുന്നു കൂടിക്കാഴ്ച. ഇരു രാജ്യങ്ങളും തമ്മിലുള്ള ഉഭയകക്ഷി പങ്കാളിത്തം കൂടുതൽ ശക്തിപ്പെടുത്തുന്നതിനുള്ള ഇന്ത്യയുടെ പ്രതിബദ്ധത ശ്രീ ജയശങ്കർ അറിയിച്ചു.

********************************

## BRICS-WOMEN MINISTERIAL MEET (INTRO)

ബ്രിക്സ് വനിതാ മന്ത്രിതല യോഗത്തിന് കൊച്ചിയിൽ ഇന്ന് തുടക്കം. രണ്ട് ദിവസത്തെ യോഗത്തിൽ കേന്ദ്ര വനിതാ ശിശുവികസന മന്ത്രി അന്ന പൂർണ ദേവി, മന്ത്രി ബിന്ദു കൃഷ്ണ തുടങ്ങിയവർ പങ്കെടുക്കും. വൈകിട്ട് മുഖ്യമന്ത്രി വി ഡി സതീശനും ബ്രിക്സ് യോഗത്തിൽ പങ്കെടുക്കുന്നുണ്ട്. **കൂടുതൽ വിവരങ്ങളുമായി ആകാശവാണി എറണാകുളം ജില്ലാ പ്രതിനിധി പി നഹീമ......**

(വോയിസ്....)

********************************

## WAYANAD - KALLADI

വയനാട് മണ്ണിടിച്ചിലുണ്ടായ കള്ളാടി തുരങ്കപാത നിർമ്മാണ പ്രദേശത്ത് കാണാതായവർക്കായി തിരച്ചിൽ തുടരുന്നു. അഞ്ച് പേരെയാണ് കണ്ടെത്താനുള്ളത്. മണ്ണിടിച്ചിലിൽ മൂന്ന് പേർ മരിച്ചതായി ഔദ്യോഗികമായി സ്ഥിരീകരിച്ചിരുന്നു. മുഖ്യമന്ത്രി വി ഡി സതീശൻ ഇന്ന് ദുരന്ത മേഖലയിൽ സന്ദർശനം നടത്തും. തിരുവനന്തപുരത്തു നിന്നും ഹെലികോപ്റ്ററിലാകും വയനാട്ടിൽ എത്തുക. മണ്ണിടിച്ചിലുമായി ബന്ധപ്പെട്ട് ജില്ലാതല കണ്ട്രോൾ റൂമും തുറന്നിട്ടുണ്ട്. 04936-288750 എന്ന നമ്പറിൽ ബന്ധപ്പെടാം.

********************************

## WAYANAD - MINISTERS

കള്ളാടിയിൽ ഉണ്ടായത് മനുഷ്യനിർമിത ദുരന്തമാണെന്ന് മന്ത്രി ടി. സിദ്ദിഖ്. തുരങ്കപാത നിർമാണവുമായി ബന്ധപ്പെട്ട് പ്രദേശത്ത് കൂട്ടിയിട്ടിരുന്ന മണ്ണ് നീക്കണമെന്ന നിർദ്ദേശം കരാറുകാർ പാലിച്ചില്ലെന്ന് മുഖ്യമന്ത്രി വി ഡി സതീശനും അറിയിച്ചു. സർക്കാരിന്റെയും ദുരന്തനിവാരണ വകുപ്പിന്റെയും പ്രവർത്തനങ്ങൾക്ക് പിന്തുണ അറിയിക്കുന്നതായി പ്രതിപക്ഷ നേതാവ് പിണറായി വിജയൻ പറഞ്ഞു.

********************************

## CHALIYAR RIVER

വയനാട് മേപ്പാടി മേഖലയിലെ കനത്ത മഴയ്ക്കും കള്ളാടി പ്രദേശത്തെ മണ്ണിടിച്ചിലിനും പിന്നാലെ ചാലിയാർ പുഴയിൽ ജലനിരപ്പുയർന്നു. പുഴയോരത്തുള്ളവർക്ക് ജാഗ്രതാ നിർദേശം നൽകിയിട്ടുണ്ട്. നാടുകാണി ചുരംവഴിയുള്ള യാത്രക്കാരും ജാഗ്രത പാലിക്കണം. വയനാട് ജില്ലയിൽ നിന്നാണ് മലപ്പുറത്തേക്ക് അതിർത്തി വനത്തിലൂടെ ചാലിയാർ പുഴ ഒഴുകിവരുന്നത്.

*******************************

## IMD-KERALA

കേരളത്തിൽ ശക്തമായ മഴ തുടരും. തിരുവനന്തപുരം, കൊല്ലം, പത്തനംതിട്ട ഒഴികെ എല്ലാ ജില്ലകളിലും ഇന്ന് മഞ്ഞ ജാഗ്രതയാണ്. കേരളം - കർണാടക - ലക്ഷദ്വീപ് തീരങ്ങളിൽ ഇന്നും നാളെയും മത്സ്യബന്ധനത്തിന് വിലക്കേർപ്പെടുത്തി. ശക്തമായ മഴയെ തുടർന്ന് വയനാട്, കോഴിക്കോട് ജില്ലകളിലെ വിദ്യാഭ്യാസ സ്ഥാപനങ്ങൾക്ക് ഇന്ന് അവധി പ്രഖ്യാപിച്ചിട്ടുണ്ട്.

*******************************

## PURI - VIKSIT BHARAT CONCLAVE

അന്താരാഷ്ട്ര വിപണിയിൽ അസംസ്കൃത എണ്ണയുടെ നിലവിലെ വില സ്ഥിരമായി തുടരുകയോ കുറയുകയോ ചെയ്താൽ ആഭ്യന്തര പെട്രോൾ, ഡീസൽ വില ഉപഭോക്താക്കൾക്കു അനുകൂലമാകുമെന്ന് കേന്ദ്ര മന്ത്രി ഹർദീപ് സിംഗ് പുരി. വെല്ലുവിളി നേരിട്ടപ്പോൾ, സമയബന്ധിതമായ നടപടികൾ സ്വീകരിച്ചുകൊണ്ട് ഇന്ത്യ എൽപിജിയുടെ വിതരണം തടസ്സമില്ലാതെ ഉറപ്പാക്കിയതായി കേന്ദ്ര മന്ത്രി പറഞ്ഞു. ന്യൂഡൽഹിയിൽ വികസിത് ഭാരത് കോൺക്ലേവ് 2026 നെ അഭിസംബോധന ചെയ്യുകയായിരുന്നു ശ്രീ പുരി.

*******************************

## GADKARI-REVIEW MEETING

ബിഹാറിലെയും കേരളത്തിലെയും ദേശീയ പാത ഇടനാഴി പദ്ധതികളുടെ പുരോഗതി കേന്ദ്ര ഗതാഗത മന്ത്രി നിതിൻ ഗഡ്കരി ന്യൂഡൽഹിയിൽ അവലോകനം ചെയ്തു. പദ്ധതികൾ സമയബന്ധിതമായി നടപ്പാക്കുന്നതിനും പ്രശ്നങ്ങൾ പരിഹരിക്കുന്നതിനും എല്ലാ നിർവ്വഹണ

ഏജൻസികളും ഏകോപനത്തോടെ പ്രവർത്തിക്കണമെന്ന് അദ്ദേഹം നിർദ്ദേശിച്ചു.

********************************

## PMO - EL NINO REVIEW MEETING (INTRO)

വിവിധ മേഖലകളിൽ എൽ നിനോ പ്രതിഭാസത്തെ തുടർന്ന് ഉണ്ടാകാൻ സാധ്യതയുള്ള ആഘാതങ്ങളും അതിനെ നേരിടാനുള്ള തയ്യാറെടുപ്പുകളും വിലയിരുത്തുന്നതിനായി പ്രധാനമന്ത്രിയുടെ ഓഫീസ് ഇന്നലെ ഉന്നതതല അവലോകന യോഗം ചേർന്നു. പ്രിൻസിപ്പൽ സെക്രട്ടറി പി.കെ. മിശ്രയുടെ അധ്യക്ഷതയിലായിരുന്നു യോഗം. പതിനഞ്ചിലധികം മന്ത്രാലയങ്ങളിലെ സെക്രട്ടറിമാരും മുതിർന്ന ഉദ്യോഗസ്ഥരും പങ്കെടുത്തു.

**വിശദാംശങ്ങളിലേക്ക്.....**

*(വോയിസ്....)*

*സാഹചര്യം നിരന്തരം നിരീക്ഷിക്കണമെന്നും, സംസ്ഥാനങ്ങളുമായി സഹകരിച്ച്, കാലവർഷം വൈകുന്നതിന്റെയും ദുർബലമാകുന്നതിന്റെയും ആഘാതം വിലയിരുത്തണമെന്നും പ്രിൻസിപ്പൽ സെക്രട്ടറി നിർദ്ദേശിച്ചു. കാലിത്തീറ്റയുടെ ലഭ്യതയും കുടിവെള്ള ലഭ്യതയും ഉറപ്പാക്കുന്നതിന് മുൻഗണന നൽകണം. ജലസംഭരണികളിലെ ജലനിരപ്പ് നിരന്തരം നിരീക്ഷിച്ചുവരികയാണ്. ജൂൺ, ജൂലൈ മാസങ്ങളിലെ മഴയുടെ സ്ഥിതിഗതികൾ കാലാവസ്ഥ വകുപ്പിലെ ഉദ്യോഗസ്ഥർ വിശദീകരിച്ചു. ഖാരിഫ് സീസണിൽ എൽ നിനോയുടെ ആഘാതം തടയാൻ സംസ്ഥാനങ്ങളുമായി ചേർന്ന് ആഴ്ചതോറും വിള കാലാവസ്ഥാ നിരീക്ഷണ ഗ്രൂപ്പിന്റെ യോഗങ്ങൾ ചേരുന്നുണ്ടെന്ന്, കൃഷി സെക്രട്ടറി വ്യക്തമാക്കി. 262 ദുർബല ജില്ലകൾക്കായി ജില്ലാ കാർഷിക*

*അടിയന്തര പദ്ധതികൾ ഊർജ്ജിതമാക്കിയിട്ടുണ്ട്. ഉഷ്ണതരംഗങ്ങൾ, ഡെങ്കിപ്പനി വ്യാപനം എന്നിവ നിരീക്ഷിക്കാൻ ആരോഗ്യ-കുടുംബക്ഷേമ വകുപ്പിനെ ചുമതലപ്പെടുത്തി. വൈദ്യുതി ഉത്പാദനവും ലഭ്യതയും സംബന്ധിച്ച് വൈദ്യുതി വകുപ്പ് വിശദീകരിച്ചു.*

***ന്യൂസ്ഡെസ്ക് ആകാശവാണി......***

********************************

## FIFA WC

ഫിഫ ലോകകപ്പിലെ അവസാന പ്രീക്വാർട്ടർ പോരാട്ടത്തിൽ കൊളംബിയയെ മറികടന്ന് സ്വിറ്റ്സർലൻഡ് ക്വാർട്ടർ ഫൈനലിൽ കടന്നു. പെനാൽറ്റി ഷൂട്ട് ഔട്ടിലൂടെ മൂന്നിനെതിരെ നാല് ഗോളുകൾക്കാണ് സ്വിറ്റ്സർലൻഡിന്റെ ജയം. മറ്റൊരു മത്സരത്തിൽ ഈജിപ്റ്റിനെ തകർത്ത് അർജന്റീനയും ക്വാർട്ടറിൽ പ്രവേശിച്ചു. രണ്ടിനെതിരെ മൂന്ന് ഗോളുകൾക്കാണ് അർജന്റീനയുടെ ജയം. ക്വാർട്ടറിൽ അർജന്റീന സ്വിറ്റ്സർലന്റിനെ നേരിടും.

********************************

## T20 CRICKET - INDIA

ഇന്ത്യ - ഇംഗ്ലണ്ട് പുരുഷ ട്വന്റി-ട്വന്റി ക്രിക്കറ്റിലെ മൂന്നാം മത്സരത്തിൽ ഇംഗ്ലണ്ടിന് ജയം. ഇന്നലെ നടന്ന മത്സരത്തിൽ ഇന്ത്യയെ 125 റൺസിനാണ് പരാജയപ്പെടുത്തിയത്. ഈ വിജയത്തോടെ അഞ്ച് മത്സരങ്ങളുള്ള പരമ്പരയിൽ ഇംഗ്ലണ്ട് 2-0 ത്തിനു മുന്നിലെത്തി.

********************************

## US-IRAN ATTACK

ഹോർമുസ് കടലിടുക്കിൽ മൂന്ന് ചരക്കുകപ്പലുകൾക്ക് നേരെയുണ്ടായ ആക്രമണത്തിന് തൊട്ടുപിന്നാലെ ഇറാന്റെ സൈനിക കേന്ദ്രങ്ങൾക്ക് നേരെ യുഎസ് വ്യോമാക്രമണം. താൽക്കാലിക വെടിനിർത്തൽ കരാറിന്റെ ഭാഗമായി ഇറാനിയൻ എണ്ണ വിൽക്കാൻ നൽകിയിരുന്ന അനുമതിയും അമേരിക്ക റദ്ദാക്കി. യുഎസിന്റെ നടപടികൾ കരാറിന്റെ ലംഘനമാണെന്ന് ഇറാൻ വിദേശകാര്യമന്ത്രാലയം പ്രതികരിച്ചു.

*******************************

## VENEZUELA QUAKE TOLL

വെനസ്വേലയിൽ ഇക്കഴിഞ്ഞ ജൂൺ 24-നുണ്ടായ ഇരട്ട ഭൂകമ്പത്തിൽ മരിച്ചവരുടെ എണ്ണം 3,685 ആയി. 16,740 പേർക്ക് പരിക്കേറ്റതായാണ് ഔദ്യോഗിക കണക്കുകൾ. ഭൂകമ്പത്തെത്തുടർന്ന് തടസ്സപ്പെട്ട വാണിജ്യ വ്യോമഗതാഗതം എത്രയും വേഗം പുനരാരംഭിക്കുമെന്ന് ഇടക്കാല പ്രസിഡന്റ് ഡെൽസി റോഡ്രിഗസ് അറിയിച്ചു.

*******************************

## MoS SURESH GOPI

ഭാരതീയ വിദ്യാഭവൻ തൃശ്ശൂർ കേന്ദ്രത്തിന്റെ ആഭിമുഖ്യത്തിൽ ആരംഭിക്കുന്ന ഭവൻസ് എസ് രാമകൃഷ്ണൻ സ്മാർട്ട് സെന്റർ ഓഫ് എക്സലൻസിന്റെ ഉദ്ഘാടനം കേന്ദ്ര സഹമന്ത്രി സുരേഷ് ഗോപി ഇന്ന് നിർവഹിക്കും. ദേശീയ വിദ്യാഭ്യാസ നയത്തിന് അനുസൃതമായി അദ്ധ്യാപക പരിശീലനവും വിദ്യാഭ്യാസ ശാക്തീകരണവുമാണ് പുതിയ ട്രെയിനിംഗ് സെന്ററിലൂടെ ലക്ഷ്യമിടുന്നത്. ഭാരതീയ വിദ്യാഭവൻ തൃശ്ശൂർ കേന്ദ്രം ചെയർമാൻ ടി. എസ്. പട്ടാഭിരാമൻ ചടങ്ങിൽ അദ്ധ്യക്ഷത വഹിക്കും.

*

**************

**************************************************